

മുകച്ചേരി ഭാഗം ജെ.ബി സ്കൂൾ വടകര

# അക്കാഡമിക് മാസ്റ്റർപ്ലാൻ



## മുകച്ചേരി ഭാഗം ജെ.ബി സ്കൂൾ വടകര

# അക്കാാഡമിക് മാസ്റ്റർപ്ലാൻ

# ആമുഖം

2025-26 അക്കാദമിക വർഷം സമഗ്രഗുണമേന്മ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട്പ്രകാരം 1-4 വരെ യുള്ള പാഠപുസ്തകങ്ങൾ എല്ലാം പരിഷ്കരിച്ചിട്ടുണ്ട്.സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം ചെയ്യണം എന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്.ഈ അക്കാദമിക് ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഒരു വിദ്യാലയത്തിന്റെ സുപ്രധാനമായ രേഖയാണിത്.

## പൊതു ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സിൽ ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുക.
2. വിദ്യാർത്ഥികളുടെ കലാകായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക.
3. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകപരിശീലന പരിപാടികൾ നടപ്പാക്കും
4. ഐടി അധിഷ്ഠിത പഠനം മെച്ചപ്പെടുത്തുക
5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠന പിന്തുണയും പ്രോത്സാഹനവും നൽകും.
6. സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തും
7. ക്ലാസ് മുറിയിൽ പഠനോപകരണങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തും
8. ഉച്ചക്കഞ്ഞി വിതരണം അന്തസായ രീതിയിൽ നടപ്പാക്കും
9. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള സൗകര്യം ഒരുക്കും
10. കുട്ടികളുടെ കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസം മെച്ചപ്പെടുത്തും
11. കുട്ടികളിലെ സർഗാത്മകശേഷികൾ കണ്ടെത്തി വികസിപ്പിക്കും
12. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും
13. നേഴ്സറി വിദ്യാഭ്യാസം തികച്ചും ശിശു കേന്ദ്രീകൃത രീതിയിൽ നടപ്പാക്കും
14. സ്കൂൾ വികസന സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും
15. കുട്ടികൾക്ക് പൊതുകാര്യങ്ങളെ കുറിച്ച് അറിവ് നൽകാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കും

## സ്കൂൾ ചരിത്രം

[illegible] ഒരു പ്രാഥമിക വിദ്യാലയം [illegible] 1916 [illegible] പ്രവർത്തിക്കുന്നത്

1 മുതൽ 4 വരെ ക്ലാസുകളിലായി 41 വിദ്യാർത്ഥികളും [illegible] പ്രവർത്തിക്കുന്ന [illegible] 18 കുട്ടികളും 7 അധ്യാപകരും [illegible] 66 ശതമാനം വിദ്യാർത്ഥികളും [illegible]

[illegible] കുട്ടികൾ [illegible] പരിമിതികളുണ്ട്

### പ്രതീക്ഷിത നേട്ടങ്ങൾ

1. ശിശു സൗഹൃദ പരമായ അന്തരീക്ഷത്തിൽ മികച്ച പഠനാനുഭവം ലഭ്യമാകുന്നു
2. സ്കൂൾ സമൂഹത്തിന് എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു
3. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
4. മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
5. കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, അറബി എന്നിവ അനായാസം കൈകാര്യം ചെയ്യാൻ കഴിയും.
6. വിദ്യാലയം മികവിന്റെ കേന്ദ്രമായിമാറും.
7. വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാകും.
8. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിക്കും.
9. മൂല്യ നിർണ്ണയരീതി അറിവാധിഷ്ഠിതമായി മാറും.
10. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയും.

### പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

1. ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റൻറ്, എസ്.ആർ.ജി കൺവീനർ, പി.ടി.എ, എം.പി.ടി.എ, എസ്.എം.സി. എന്നിവർ ഒരുമിച്ചിരുന്ന് നൽകിയ സൂചകങ്ങൾ പരിഗണിച്ച് അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിച്ച് പൊതു ധാരണയിലെത്തി.
2. എസ്.ആർ.ജിയിൽ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്തു.
3. എസ്.ആർ.ജി യോഗത്തിൽ സമഗ്രവികസന കാഴ്ചപ്പാട് ചർച്ച ചെയ്തു. 5 വർഷത്തേക്കുള്ള ഒരു അക്കാദമിക രൂപരേഖ തയ്യാറാക്കൻ എസ്.ആർ.ജി കൺവീനറെ ചുമതലപ്പെടുത്തി.
4. തുടർന്ന സ്റ്റാഫ് അംഗങ്ങൾ, വിദ്യാലയത്തിൻെറ ആവശ്യങ്ങൾ ക്ലാസ്സ്, വിഷയം, ഭൗതീകം, അക്കാദമികം, സാമൂഹികം കരട് എഴുതിതെയ്യാറാക്കി എസ്.ആർ.ജി.യിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തി.
5. വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികൾ, രക്ഷിതാക്കൾ, നാട്ടുകാർ തുടങ്ങിയ പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകി.

| വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ – നിലവിലെ അവസ്ഥ | |
|---|---|
| വിഭാഗം | നിലവിലുള്ള അവസ്ഥ |
| എസ്.ആർ.ജി | ഉണ്ട് |
| എം.പി.ടി.എ | ഉണ്ട് |
| എസ്.എം.സി | ഉണ്ട് |
| എസ്.എസ്.ജി | ഉണ്ട് |
| സ്കൂൾ വികസന സമിതി | ഉണ്ട് |
| പി.ടി.എ | ഉണ്ട് |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | ഉണ്ട് |
| ലൈബ്രറി | ഉണ്ട് |
| ലാബ് | ഉണ്ട് |
| കബ്യൂട്ടർ ലാബ് | ഉണ്ട് |
| സയൻസ് ലാബ് | ഉണ്ട് |
| മറ്റുള്ളവ | |

| വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം നിലവിൽ | | |
|---|---|---|
| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
| ക്ലാസ് മുറി | 6 | |
| ആൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 2 | |
| പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 2 | |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | ഉണ്ട് | |
| പ്രധാനധ്യാപക മുറി | 1 | |
| കളിസ്ഥലം | ഉണ്ട് | |
| അടുക്കള | 1 | |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് അടുക്കള | ഇല്ല | |
| ലൈബ്രറി റൂം | ഇല്ല | |

| വിദ്യാലയങ്ങളിൽ ഐടി അനുബന്ധസാമഗ്രികളുടെ അവസ്ഥ | | |
|---|---|---|
| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യം |
| കമ്പ്യൂട്ടർ | Nil | 2 |
| ലാപ്ടോപ്പ് | 2 | 3 |
| പ്രൊജക്ടർ | 2 | 4 |
| റേഡിയോ | Nil | 1 |
| ടി വി | Nil | 1 |
| ഇന്റർനെറ്റ് കണക്ഷൻ | yes | |
| ഇ മെയിൽ ഐഡി | yes | |
| സ്മാർട്ട് ക്ലാസ് റൂം | 1 | 3 |
| വൈറ്റ് ബോർഡ് | Nil | 6 |

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 12 | 4 | 16 |
| II | 9 | 7 | 16 |
| III | 2 | 7 | 9 |
| IV | 2 | 0 | 2 |
| ആകെ | 25 | 18 | 43 |

സ്കൂളിലെ അധ്യാപകരുടെ എണ്ണം

| അധ്യാപകരുടെ എണ്ണം | | സ്ഥിര അധ്യാപകർ | | HM | LPSA | Arabic |
|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | | | |
| | 5 | | 2 | 1 | 3 | 1 |
| | | | | | | |

## അക്കദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

- ഭാഷാ ശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ക്ലാസ് പി.ടി.എ സജീവമാക്കൽ
- ഐ.ടി. പരിശീലനം
- ഒന്നാം ക്ലാസ് ഒന്നാന്തരം
- കലാ കായിക മേള
- അറബി ഭാഷാ പോഷണ പരിപാടി
- എൽ.എസ്.എസ് പരിശീലനം
- പോഷകാഹാര പരിപാടി
- വിവിധ ഫെസ്റ്റുകൾ

| അക്കാദമിക് പ്ലാൻ മലയാളം | | | | |
|---|---|---|---|---|
| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. Pretest<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നം ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡ് നൽകൽ<br>5. പദക്കാർഡുകൾ നൽകൽ<br>6. വാക്യം നിർമ്മിക്കൽ<br>7. ചിഹ്നം നൽകി കഥ പറയൽ<br>8. ചിത്രം നൽകി അടിക്കുറിപ്പ് എഴുതൽ<br>9. ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>10. ഭാഷാപരമായി പിന്നോക്കം നിൽകുന്നവർക്ക് പ്രത്യേകം ക്ലാസുകൾ | 3 മാസം<br>ജൂൺ – ആഗസ്റ്റ് | പുസ്തകസ്ങ്ങൾ<br>സി.ഡികൾ<br>ചിത്രങ്ങൾ<br>ചാർട്ടുകൾ | BRC<br>PTA<br>SRG |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| വായനാ പരിപോഷണം (ആശയഗ്രഹണത്തോടെയുള്ള വായന) | ക്ലാസ്സ്- വായന വായനാമൂല ഒരുക്കൽ<br>ക്ലാസ്സ് ലൈബ്രറി<br>പത്ര വായന അസംബ്ലി<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>വായനാ മത്സരം | 3 മാസം<br>ഒക്ടോബർ - ഡിസംബർ | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ചിത്രങ്ങൾ പുസ്തകങ്ങൾ | PTA<br>SRG |
| കുട്ടികളെ മികച്ച എഴുത്തുകാരാക്കുക(ലേഖനം) | ചിത്രം കാണിച്ച് അക്ഷരങ്ങൾ, പദങ്ങൾ വാക്യങ്ങൾ എഴുതൽ<br>ചിത്രം നൽകി കഥ എഴുതൽ<br>കേട്ടെഴുത്ത്<br>CD ചിത്രം നൽകി വാക്കുകൾ, വാക്യങ്ങൾ എഴുതൽ,<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>കവി-പരിചയം | മാർച്ച് | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | BRC<br>PTA<br>SRG |

1. <u>പ്രീടെസ്റ്റ്</u>

മുൻ ക്ലാസുകളിൽ നേടേണ്ട ശേഷികളും ധാരണകളും നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ വേണ്ടി പ്രിടെസ്റ്റ് നടത്തുന്നു. ചോദ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്നു. അതിനുശേഷം മൂല്യനിർണയം നടത്തുന്നു.. അത് എസ്.ആർ.ജി യിൽ ചർച്ച ചെയ്യുന്നു. ക്ലാസ് പി.ടി.എ യിൽ അവതരിപ്പിക്കുന്നു.

2. **അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ**

അക്ഷരകാർഡ് നൽകി വായിക്കൽ എഴുതൽ, ആഭരണ മണിയിക്കാം എന്ന പ്രവർത്തനത്തിലൂടെ ചിഹ്നം ഉറപ്പിക്കൽ അക്ഷര കേളികൾ എന്നി പ്രവർത്തനങ്ങൾ നടത്തുന്നു.

3. പദ നിർമ്മാണം

അക്ഷരക്കാർഡും ചിഹ്നങ്ങളും ഉപയോഗിച്ച് പദങ്ങൾ നിർമ്മിക്കുന്നു.

4. വാക്യങ്ങൾ നിർമ്മിക്കൽ

കുട്ടികൾ പഠിച്ച അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പദങ്ങളും പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങളും നിർമ്മിക്കുന്നു. നിമ്മിച്ച വാക്യങ്ങൾ ക്രമം തെറ്റിച്ച് കൊടുത്ത് വാക്യങ്ങൾ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങളും നൽകുന്നു.

5. ചിത്രം നൽകി കഥ പറയൽ

ചിത്രം നൽകി കഥ പറയൽ കുട്ടികൾക്ക് ചിത്രങ്ങൾ കാണിച്ച് അനുയോജ്യമായ പദങ്ങൾ ഉപയോഗിച്ച് കഥ പറയാൻ പറയുന്നു.

6. ചിത്രം നൽകി അടിക്കുറിപ്പ്

അടിക്കുറിപ്പിന് പറ്റിയ ചിത്രങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നു. അതിന് യോജിച്ച അടിക്കുറിപ്പെഴുതാൻ പറയുന്നു.

7. ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ അക്ഷര കേളികൾ, വാക്യനിർമ്മാണം, ചിത്രം യോജിപ്പിക്കൽ എന്നി പ്രവർത്തനങ്ങൾ നടത്തുന്നു.
8. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് നൽകുന്നു.

## <u>വായനാ പരിപോഷണം</u>

1. വായനാ മൂല ഒരുക്കൽ

ക്ലാസ്സിൽ ഒരു വായനാ മൂല ഒരുക്കുന്നു. ഓരോ ക്ലാസിനും പറ്റിയ പുസ്തകങ്ങൾ വായനാ മൂലയിൽ സജ്ജീകരിക്കുന്നു. കഥാ പുസ്തകങ്ങൾ, ചിത്ര പുസ്തകങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ വായനാ മൂലയിൽ ക്രമീകരിക്കുന്നു.

2. ക്ലാസ്സ് ലൈബ്രറി

ഓരോ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ഒരുക്കുന്നു. കുട്ടികൾക്ക് ഇഷ്ടം പോലെ പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ഒരുക്കുന്നു.

3. പത്രവായന അസംബ്ലിയിൽ

എല്ലാ ദിവസവും അസംബ്ലിയിൽ പത്രവായന നടത്തുന്നു.

4. വായനാ മത്സരം

വായനാദിനവുമായി ബന്ധപ്പെട്ട് വായനാ മത്സരം നടത്തുന്നു. ഓരോ ക്ലാസ്സിനും അനുയോജ്യമായ പുസ്തകങ്ങൾ നൽകുന്നു. വായനാക്കാർഡ് ഉപയോഗിക്കുന്നു.

5. വായനാക്കുറിപ്പ് തയ്യാറാക്കൽ

ഓരോ ക്ലാസ്സിനും അനുയോജ്യമായ പുസ്തകങ്ങൾ നൽകി അത് വായിച്ച് വായനാക്കുറിപ്പ് എഴുതാൻ ആവശ്യപ്പെടുന്നു. ആഴ്ചയിൽ ഒരു വായനാക്കുറിപ്പ്.

## കുട്ടികളെ മികച്ച എഴുത്തുകാരാക്കുക(എഴുത്തുക്കൂട്ടം)

**പ്രവർത്തനങ്ങൾ**

ചിത്രങ്ങൾ കാണിച്ച് പദങ്ങൾ വാക്യങ്ങൾ എഴുതൽ. അധ്യാപിക ഏതെങ്കിലും ജീവികളുടേയോ വസ്തുക്കളുടെയോ ചിത്രങ്ങൾ കാണിക്കുന്നു. ആ വസ്തുവിന്റെ പേര് എഴുതാൻ പറയുന്നു, അധ്യാപിക മൂല്യനിർണ്ണയം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

**കേട്ടെഴുത്ത്**

അധ്യാപിക പാഠഭാഗവുമായി ബന്ധപ്പെട്ട ചില പദങ്ങൾ പറയുന്നു. കുട്ടികൾ അത് കേട്ട് എഴുതുന്നു.

**ചിത്രങ്ങൾ കാണിച്ച് കഥ എഴുതൽ**

അധ്യാപിക കഥാചിത്രം കാണിക്കുന്നു. കുട്ടികൾ അത് നോക്കി മനസ്സിലാക്കി കഥ എഴുതുന്നു. നല്ല കഥയെഴുതിയ കുട്ടിക്ക് പ്രോത്സാഹനം നൽകുന്നു.

**വായനാക്കുറിപ്പ് എഴുതൽ**

ഓരോ ക്ലാസ്സിനും അനുയോജ്യമായ പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു. ഒരാഴ്ച കൊണ്ട് പുസ്തകം വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കണം. വായനാക്കുറിപ്പ് തയ്യാറാ ക്കേണ്ടതെങ്ങനെയെന്ന് അധ്യാപിക വിശദീകരിച്ചു കൊടുക്കുന്നു. അതനുസരിച്ച് കുട്ടികൾ വായനാക്കുറിപ്പ് എഴുതുന്നു.

മേഖല : അക്കാദമികം

ഉപമേഖല : ഗണിത ശേഷി വികസനം

ലക്ഷ്യം:

1. 1 മുതൽ 4 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് ഗണിതത്തിൽ നേടേണ്ട ശേഷികൾ, ധാരണകൾ, മനോഭാവങ്ങൾ എന്നിവ വികസിപ്പിക്കുക.
2. ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഗണിതാസ്വാദനം
4. കൃത്യതയും സൂക്ഷ്മതയും വികസിപ്പിക്കുക.
5. ഗണിതത്തിലെ അടിസ്ഥാനാശയങ്ങൾ സ്വായത്തമാക്കുക

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കാം (ഗണിതം മധുരം)<br><br><br><br><br>അടിസ്ഥാനഗണിതാശയങ്ങൾ ഉറപ്പിക്കൽ.(സംഖ്യാബോധം, ചതുഷ് ക്രിയകൾ, സ്ഥാനം, വലുപ്പം, ആകൃതി എന്നിവയുമായി ബന്ധപ്പെട്ട അറിവ് സംഖ്യാ പാറ്റേൺ) | ഗണിതപ്പാട്ടുകൾ<br>ഗണിത കഥകൾ,<br>ഗണിത കേളികൾ,<br>മനക്കണക്ക്<br>നിർമ്മാണ<br>പ്രവർത്തനങ്ങൾ<br>പസിൽസ്<br>ഗണിത ക്വിസുകൾ,<br>ഐ.സി.ടി<br>ഉപയോഗിച്ചുള്ള<br>പ്രവർത്തനങ്ങൾ<br>ഗണിതശാസ്ത്രജ്ഞന്മാർ<br>പരിചയം-ചിതങ്ങൾ<br>സംഖ്യാകാർഡുകളി<br>കളികൾ<br>മനക്കണക്ക്<br>ഐ.സി.ടി. ഉപയോഗം<br>ഗണിതരൂപങ്ങൾ<br>വരയ്ക്കൽ- നിർമ്മാണം-<br>ഗണിതകഥകൾ<br>പാട്ടുകൾ നിർമ്മാണ<br>പ്രവർത്തനങ്ങൾ<br>ഗണിതം നിത്യജീവിത<br>വുമായി ബന്ധിപ്പിക്കാ<br>നുള്ള പ്രവർത്തനങ്ങൾ | ജൂൺ -<br>ആഗസ്റ്റ്<br><br><br><br><br><br><br>ജനുവരി-<br>മാർച്ച് | പുസ്തകങ്ങ<br>ൾ<br><br><br><br><br>കളികൾ<br><br><br><br>ചിത്രങ്ങൾ<br>ചോദ്യാവ<br>ലി<br><br><br>ഐ.സി.ടി<br>നിർമ്മാണ<br>സാമഗ്രി | BRC<br><br>SRG<br><br>PTA |

## പ്രവർത്തനങ്ങൾ

**ഗണിതപ്പാട്ടുകൾ, ഗണിത കഥകൾ**

ഗണിതപഠനം രസകരമാക്കാനുള്ള പ്രധാന പ്രവർത്തനമാണ് ഗണിതപ്പാട്ട് പാടലും ഗണിതകഥകൾ കേൾക്കലും ശേഖരിക്കലും എന്നത്.

**ഗണിതപ്പാട്ടുകൾ**

ഒന്നും ഒന്നും രണ്ടാണ്.
നമുക്ക് കണ്ണുകൾ രണ്ടാണ്.
രണ്ടും ഒന്നും മൂന്നാണ്.
തേങ്ങയ്ക്ക് കണ്ണുകൾ മൂന്നാണ്.

ഇതുപോലുള്ള ധാരാളം പാട്ടുകൾ ശേഖരിക്കുന്നു. കൂടാതെ ഐ.സി.ടി ഉപയോഗിച്ച് ധാരാളം കഥകളും പാട്ടുകളും കേൾപ്പിക്കുന്നു.

**മനക്കണക്ക്**

ഗണിത ശേഷികൾ വികസിക്കുന്നതിനോടോപ്പം ഓർമ്മശക്തി കൂടി വർദ്ധിപ്പിക്കുന്ന പ്രവർത്തനമാണിത്. മാത്രമല്ല പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനുള്ള കഴിവും വർദ്ധിക്കുന്നു. ധാരാളം മനക്കണക്കുകൾ ശേഖരിച്ച് കുട്ടികൾക്ക് നൽകുന്നു.

**ഗണിത പസിലുകൾ**

വിവിധ തരത്തിലുള്ള ഗണിത പസിലുകൾ ശേഖരിച്ച് കുട്ടികൾക്ക് നൽകുന്നു. വിവിധ ഗണിതാശയങ്ങളും ഉൾപ്പെടുന്ന പസിലുകൾ നൽകുന്നു. അധ്യാപിക പസിൽ അവതരിപ്പിക്കുന്നു. കുട്ടികൾ അത് നിർദ്ധാരണം ചെയ്യുന്നു.

**ഗണിത ക്വിസ്**

ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും ഗണിതക്വിസുകൾ നടത്തുന്നു. ഓരോ ക്ലാസ്സിനും യോജിച്ച് ചോദ്യാവലി തെയ്യാറാക്കുന്നു. സ്കൂൾ തലത്തിൽ നിന്നും വിജയിച്ചകുട്ടികളെ ക്ലസ്റ്റർ തലത്തിലും സ്ബ്ജില്ലാതലത്തിലും പങ്കെടുപ്പിക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

**നിർമ്മാണ പ്രവർത്തനങ്ങൾ:**

ഗണിതരൂപങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏർപ്പെടുന്നു. ചതുരം, വൃത്തം, ത്രികോണം തുടങ്ങിയ ഗണിത രൂപങ്ങൾ പഠനോപകരണ ങ്ങളും മറ്റു നിർമ്മിക്കുന്നു. നിർമ്മിച്ച വസ്തുക്കളുടെ ഒരു പ്രദർശനവും സ്കൂൾ തലത്തിൽ നടത്തുന്നു.

**ഐ.സി.ടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ**

ഗണിതവുമായി ബന്ധപ്പെട്ട് ഐ.സി.ടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ ആ പ്രവർത്തനം നിർദ്ധാരണം ചെയ്യുകയും ചെയ്യുന്നു.

**ഗണിതമേള**

സ്കൂൾ തലത്തിൽ ഗണിതമേള സംഘടിപ്പിക്കുന്നു. ഓരോ ക്ലാസ്സിലും ഗണിതവുമായി ബന്ധപ്പെട്ട് കുട്ടികൾ നിർമ്മിച്ച വസ്തുക്കളും അവർ നേടിയ ഗണിത ശേഷികളും ഗണിതച്ചാർട്ടുകളും മേളയിൽ പ്രദർശിപ്പിക്കുന്നു.

**ഗണിത ലാബ് സജ്ജീകരിക്കൽ**

ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കാനും ഗണിതത്തിൽ താൽപര്യം വളർത്താനും സ്കൂളിൽ ഒരു ഗണിത ലാബ് സജ്ജീകരിക്കണം. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ ഗണിതോപകരണങ്ങൾ ശേഖരിച്ച് തരംതിരിച്ച് ലാബിൽ സജ്ജീകരിക്കുന്നു.

**ഒറിഗാമി ശിൽപശാല**

രസകരമായ ഗണിത ശാസ്ത്ര പഠനത്തിനും ഗണിതശേഷിയുടെ വികസനത്തിനും വേണ്ടി കുട്ടികളെ പ്രാപ്തരാക്കാൻ വേണ്ടി ഒറിഗാമി ശിൽപശാല നടത്തുന്നു. ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കൽ അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇത് വർഷത്തിൽ ഒരു പ്രാവശ്യം ചെയ്യുന്നു.

## പരിസരപഠനം

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|
| പരിസര നിരീക്ഷണം | | ശാസ്ത്രാധ്യാപിക | | SRG |
| പരിസ്ഥിതി ദിനം | ജൂൺ-ആഗസ്റ്റ് | എച്ച് എം | | PTA |
| ശാസ്ത്രലാബ് സജ്ജീകരിക്കൽ | വർഷത്തിൽ 1 | ശാസ്ത്രാധ്യാപിക | 10000 | HM |
| ശാസ്ത്ര പോഷണ പരിപാടികൾ | ജൂൺ-മാർച്ച് | എച്ച് എം | 10000 | SSG |
| ശാസ്ത്ര മേളകൾ | വർഷത്തിൽ 1 | ശാസ്ത്രാധ്യാപിക | 5000 | PTA |
| ശാസ്ത്ര മാജിക് | ആഴ്ചയിൽ 1 | എച്ച് എം | | SRG |
| ശാസ്ത്ര കഥകൾ, പാട്ടുകൾ | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപിക | 2000 | PTA |
| സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം | ജൂൺ-മാർച്ച് | അധ്യാപകർ | 5000 | PTA |

**അക്കാദമിക പ്ലാൻ പരിസരപഠനം**

പരിസരപഠന നിരീക്ഷണങ്ങൾ
മാസത്തിൽ ഒരുപ്രാവശ്യം

**ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ നിരീക്ഷണ പാടവവും പരിസ്ഥിതി സ്നേഹവും വളർത്തുക.
2. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.
3. കാർഷികസംസ്കൃതിയെപ്പറ്റി വിദ്യാർത്ഥികളെ ബോധവന്മാരാക്കുക.
4. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള താൽപര്യവും നൈപുണിയും വർദ്ധിപ്പിക്കുക.

**പ്രവർത്തനം**

**പരിസര നിരീക്ഷണം**

കുട്ടികളിൽ നിരീക്ഷണ താൽപര്യം പ്രകൃതി സ്നേഹവും വളർത്താനുള്ള ഒരു പ്രവർത്തനമാണിത്. സ്കൂൾപരിസരം/വീടിന്റെ പരിസരം നിരീക്ഷിച്ച് നിരീക്ഷണക്കുറിപ്പ് എഴുതാൻ ആവശ്യപ്പെടുന്നു. ഓരോ പ്രാവശ്യവും നിരീക്ഷിക്കുമ്പോഴും എന്തൊക്കെ മാറ്റങ്ങളാണ് വന്നതെന്നും രേഖപ്പെടുത്തണം

**പരിസ്ഥിതിദിനം**

ജൂൺ 5 പരിസ്ഥിതിദിനത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. എന്റെ മരം പദ്ധതിയുടെ ഭാഗമായി മരങ്ങൾ നട്ടുവളർത്തുന്നു. കൂടാതെ പരിസ്ഥിതിദിന കവിതകൾ ശേഖരിക്കൽ, ആലപിക്കൽ, പരിസ്ഥിതി സംരക്ഷണ പോസ്റ്ററുകൾ തെയ്യാറാക്കൽ. പരിസ്ഥിതി സംരക്ഷണപോസ്റ്ററുകൾ തയ്യാറാക്കൽ. പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കൽ. നമ്മുടെ നാട്ടിലെ ജല സ്രോതസ്സുകളായ പുഴ, കടൽ, കിണർ, വയലുകൾ കുന്നുകൾ, ഡാമുകൾ,

തണ്ണീർത്തടങ്ങൾ എന്നിവ സന്ദർശിക്കുകയും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുകയുംചെയ്യുന്നു.

**ശാസ്ത്രലാബ് സജ്ജീകരിക്കൽ**

ശാസ്ത്രക്ലാസ്സുകളിൽ ആവശ്യമായ പഠനോപകരണങ്ങൾ കണ്ടെത്തി ശേഖരിച്ച് ശാസ്ത്രലാബ് സജ്ജീകരിക്കുന്നു. ഓരോ ക്ലാസ്സിലേക്കാവശ്യമായത് തരംതിരിച്ചുവെയ്ക്കുന്നു.

**ശാസ്ത്രപോഷണപരിപാടി**

കുട്ടികളിൽ ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്താൻ വേണ്ടിയുള്ള പരിപാടിയാണിത്. ശാസ്ത്രത്തിന്റെ രീതി, അനിവാര്യത ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു. വർഷത്തിൽ 3 പ്രാവശ്യം)

**പ്രതിഭാപോഷണ പരിപാടി**

പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകുന്നു. ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. അവധി ദിവസങ്ങളിലാണ് ഇത് സംഘടിപ്പിക്കുന്നത്.

**ശാസ്ത്രമേളകൾ**

ശാസ്ത്രം പ്രവർത്തനമാണ് എന്നത് കുട്ടികളെ ബോധവാന്മാരാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനം സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം ഇത് വർഷത്തിൽ ഒരു പ്രാവശ്യം നടത്തുന്നു.

**ശാസ്ത്ര മാജിക്**

കുട്ടികളിൽ ശാസ്ത്രതാൽപര്യം വളർത്താനുള്ള ഒരു പ്രവർത്തനമാണിത്. ആഴ്ചയിൽ ഒരു പരീക്ഷണം എന്ന രീതിയിൽ ഓരോക്ലാസിലും ക്ലാസ്സിനനുയോജ്യമായ പരിക്ഷണങ്ങൾ നടത്തുന്നു. ഇതിന്റെ ഫലമായി കുട്ടികൾക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിക്കുന്നു. പരീക്ഷണക്കുറിപ്പ് എഴുതി സൂക്ഷിക്കുന്നു.

**ശാസ്ത്ര കഥകൾ പാട്ടുകൾ**

ശാസ്ത്ര താൽപര്യം വളർത്താൻ വേണ്ടി ശാസ്ത്രവുമായി ബന്ധപ്പെട്ട കവിതകളും കഥകളും ശേഖരിക്കുകയും അവതരിപ്പിക്കുക്യും ചെയ്യുന്നു.

**സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം**

കുട്ടികളിൽ കാർഷിക സംസ്കാരം പ്രകൃതിസ്നേഹവും വളർത്താനുള്ള് ഒരു പ്രവർത്തനം ഓരോ ക്ലാസിനും ഓരോ ചുമതല നൽകുന്നു. (വിത്തുശേഖരണം, നിലമൊരുക്കൽ,. ജലസേചനം)ഈ പച്ചക്കറി തോട്ടത്തിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ ഉപയോഗിച്ച് സ്കൂളിലെ ഉച്ചഭക്ഷണം വളരെ നല്ലരീതിയിൽ നടത്താൻ കഴിയുന്നു.

## ഇംഗ്ലീഷ് അക്കാദമിക പ്ലാൻ

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഇംഗ്ലിഷ് അസംബ്ലി | മാസത്തിൽ 2 | HM<br>ക്ലാസ് ടിച്ചർ | | SRG |
| 2 | ഇംഗ്ലിഷ് ഡയറി | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലിഷ് അധ്യാപകൻ | | HM, SRG |
| 3 | ഇംഗ്ലിഷ് ഫെസ്റ്റ് | 3 ദിവസം അവധിക്കാലം | പി.ടി. എ. പ്രസിഡണ്ട്<br>HM | 5000 | SRG, BRC |
| 4 | ഇംഗ്ലിഷ് ഗെയിംസ് | മാസത്തിൽ 5 | ഇംഗ്ലിഷ് അധ്യാപകൻ | | SRG, HM |
| 5 | ഇംഗ്ലിഷ് റിഡിൽസ് | മാസത്തിൽ 5 | ഇംഗ്ലിഷ് അധ്യാപകൻ | | SRG, HM |
| 6 | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ആഴ്ചയിൽ ഒരു ദിവസം (അവധി ദിവസം) | ഇംഗ്ലിഷ് അധ്യാപകൻ<br>HM<br>റിസോഴ്സ ടിച്ചർ | 5000 | SRG |
| 7 | ഇംഗ്ലീഷ് തിയേറ്റർ | മാസത്തിൽ 1 | ഇംഗ്ലിഷ് അധ്യാപകൻ | 5000 | SRG,SSG |

**പ്രവർത്തനം 1**

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി.

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

**പ്രവത്തനങ്ങൾ**

മാസത്തിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും (പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, പരിപാടികൾ അവതരണം) കുട്ടികൾ തന്നെ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ. അധ്യാപകർ ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ മാത്രം നൽകുക. ഓരോ ക്ലാസ്സുകൾക്കും ഇടവിട് ചുമതല നൽകണം

**പ്രവർത്തനം:2**

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ലക്ഷ്യം : തെറ്റില്ലാതെ അനായസം ഇംഗ്ലീഷ് എഴുതാനുള്ള് ശേഷി നേടൽ

**പ്രവർത്തനങ്ങൾ**

ഓരോദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതിക്കൊണ്ടുവരൽ ആഴ്ചയിൽ എല്ലാ പ്രവൃത്തിദിവസങ്ങളിലും ഈ പ്രവർത്തനം നടത്തണം അധ്യാപിക ഇത് പരിശോധിച്ച് കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകണം

**പ്രവർത്തനം 3**

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ഫെസ്റ്റ്

ലക്ഷ്യം : വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ

**പ്രവർത്തനങ്ങൾ**

മധ്യവേനലവധിക്കാലത്ത് 5 ദിവസത്തെ ഫെസ്റ്റ് നടത്തുക. മുഴുവൻ പ്രവർത്തനവും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ. ഇതിൽ ഇംഗ്ലീഷ്ഗെയിം, തിയേറ്റർ പ്രവർത്തനങ്ങൾ പ്രത്യേക ക്ലാസ്സുകൾ തുടങ്ങിയവ ആസൂത്രണം ചെയ്ത് നടപ്പാക്കണം ഇംഗ്ലീഷ് ഭാഷയിൽ പ്രഗത്ഭരായ വ്യക്തികളേയും ഇതിൽ പങ്കെടുപ്പിക്കണം.

**പ്രവർത്തനം:4**

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് ഗെയിംസ്

ലക്ഷ്യം: ഇംഗ്ലീഷ് ഭാഷയിൽ താൽപര്യം വളർത്തുക അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കാനും എഴുതാനുമുള്ള ശേഷി നേടൽ.

**പ്രവർത്തനങ്ങൾ**

**വേഡ് ഗെയിം**

എല്ലാ കുട്ടികൾക്കും അക്ഷരക്കാർഡുകൾ നൽകുന്നു. അതിനുശേഷം അധ്യാപകൻ ഒരു വാക്ക് ബോർഡിൽ എഴുതുന്നു. ഏതൊക്കെ അക്ഷരങ്ങളാണോ ആ വാക്കിലുള്ളത് ആ അക്ഷരങ്ങൾ കിട്ടിയ കുട്ടികൾ അതേ ക്രമത്തിൽ നിരന്ന് നിൽക്കുന്നു. അധ്യാപിക വാക്കുകൾ മാറ്റിക്കൊടുത്ത് പ്രവർത്തനം തുടരുന്നു.

### Spelling Game

അദ്ധ്യാപിക പദങ്ങളിലെ അക്ഷരങ്ങൾ ക്രമം തെറ്റിച്ച് എഴുതുന്നു. അതിനുശേഷം ആ പദങ്ങൾ ഏതാണെന്ന് കണ്ടുപിടിക്കാൻ കുട്ടികളോട് പറയുന്നു. ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് സ്പെല്ലിങ് പഠിക്കാൻ കഴിയുന്നു. ധാരാളം പ്രവർത്തനങ്ങൾ നൽകുന്നു.

### Sentence Game

അദ്ധ്യാപിക എല്ലാകുട്ടികൾക്കും ഓരോ വാക്കുകൾ എഴുതിയ കാർഡുകൾ നൽകുന്നു. അദ്ധ്യാപിക ബോർഡിൽ ഒരു വാക്യം എഴുതുന്നു.(This is a book) ഈ വാക്കുകൾ കിട്ടിയ കുട്ടികൾ ഒരു കൂട്ടമാവുന്നു. അതിനുശേഷം വാക്യം ശരിയായ ക്രമത്തിൽ നിൽക്കുന്നു.

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് റിഡിൽസ്

ലക്ഷ്യം: ഇംഗ്ലീഷ് ഭാഷയിൽ താൽപര്യം വളർത്തുക. ഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കുക

പ്രവർത്തനങ്ങൾ

പക്ഷികൾ, മൃഗങ്ങൾ ചുറ്റുമുള്ള വസ്തുക്കൾ എന്നിവയെപ്പറ്റിയുള്ള റിഡിൽസ് നിർമ്മിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. അദ്ധ്യാപിക ഉദാഹരണങ്ങൾ നൽകുന്നു.

I am black

I am big

I have a trunk

Who am I? Elephant

ഇതുപോലെയുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര്: സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്

ലക്ഷ്യം: കുട്ടികളുടെ ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക

**സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്**

അവധി ദിവസങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം വിദ്യാലയത്തിൽ വെച്ച് പ്രഗത്ഭനായ ഇംഗ്ലീഷ് അദ്ധ്യാപകന്റെ സേവനം ഉപയോഗിച്ച് ക്ലാസ്സ് നടത്തുന്നു. ഇത് വർഷം മുഴുവൻ തുടരുന്ന പ്രവർത്തനമാണ്.

പ്രവർത്തനം 7

പ്രവർത്തനത്തിൻെറ പേര്: ഇംഗ്ലീഷ് തിയേറ്റർ

ലക്ഷ്യം: ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ

പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നു വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റി എഴുതൽ സദസ്സിന് മുമ്പാകെ അവതരിപ്പിക്കുന്നു. ഇത് പ്രതിമാസ പരിപാടിയായിട്ടാണ് ഉൾപ്പെടുത്തിയത്. ഇതിൻെറ ചുമതല ഹെഡ് മാസ്റ്റർക്കും ഇംഗ്ലീഷ് അധ്യാപകനുമാണ്.

## അക്കാദമിക പ്ലാൻ- കലാകായിക പരിശീലനം – പ്രതിഭാ പരിപോഷണ പരിപാടി .

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | ചിത്രരചനാ ക്ലാസ്സ് | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകൻ<br>ഹെഡ് മാസ്റ്റർ<br>SSG | | SRG<br>SSG<br>PTA |
| | സംഗീതം, പെയിൻറിംഗ് ക്ലാസ് | ജൂൺ/ മാർച്ച്<br>ആഴ്ചയിൽ1 | ഹെഡ് മാസ്റ്റർ | 4000 | SRG<br>SSG<br>PTA |
| | കടലാസ് വർക്കുകൾ, ബാഗ് നിർമ്മാണം, പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം<br>നിർമ്മാണ പ്രവർത്തനങ്ങൾ | ആഴ്ചയിൽ1 | റിസോഴ്സ് ടീച്ചർ | 4000 | PTA<br>SRG |
| | കളികൾ | | കായികാധ്യാപകൻ | | |
| | കായികമേള | ആഴ്ചയിൽ2 | കായികാധ്യാപകൻ, HM | 2000 | PTA<br>HM<br>SRG |
| | ആരോഗ്യ ബോധവൽക്കരണക്ലാസ് | വർഷത്തിൽ1 | അധ്യാപകർ, PTA, HM | 2000 | |
| | ശുചിത്വ ബോധന പ്രവർത്തനങ്ങൾ | വർഷത്തിൽ1 | അധ്യാപകർ, | | SRG |
| | | മാസത്തിൽ1 | | | |

## കലാകായിക പ്രവൃത്തിപരിചയം

**ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ കലാഭിരുചിയും നിർമ്മാണ താൽപര്യവും കായികശേഷിയും വർദ്ധിപ്പിക്കുക.
2. സർഗാത്മക കഴിവുകൾ കണ്ടെത്തി അതിന് പരിശീലനം നൽകുക.
3. ഓരോ കുട്ടിക്കും താൽപര്യമുള്ള മേഖലകൾ കണ്ടെത്തി പരിശീലനം നൽകുക.
4. ആരോഗ്യ കായിക മേഖലയിൽ കുട്ടികളിൽ ശുചിത്വബോധം, സുരക്ഷിതത്വബോധം എന്നിവ വളർത്തുക.
5. ആരോഗ്യകരമായ മത്സരങ്ങളിലൂടെ സമൂഹത്തിൽ സംഘർഷരഹിതമായി വളരാൻ കുട്ടികളെ പ്രാപ്തരാക്കുക.

**പ്രവർത്തനം 3**

ചിത്രരചന, സംഗീതം, പെയിൻറിംഗ് ക്ലാസുകൾ.

എല്ലാ ക്ലാസ്സുകളിലും ആഴ്ചയിൽ ഓരോ പിരീഡിൽ ഈ വിഷയങ്ങൾ നിർബന്ധമായും പഠിപ്പിക്കും സ്കൂളിലെ അധ്യാപകർക്കു പുറമെ എസ്.എസ്.ജി യിലോ അല്ലെങ്കിൽ സമൂഹത്തിലുള്ള് റിസോഴ്സസ് അധ്യാപകരേക്കൂടി ഉൾപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കും

**പ്രവർത്തനം 2**

പ്രവൃത്തി പരിചയ മേഖലയിലും കുട്ടികൾക്കും ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകും. റിസോഴ്സ് അധ്യാപകരെ ഉപയോഗിച്ച് കടലാസ് വർക്കുകൾ ബാഗ് നിർമ്മാണം പാഴ്വസ്തുക്കൽ കൊണ്ടുള്ള ഉൽപന്ന നിർമ്മാണം തുടങ്ങിയ മേഖലയിൽ പരിശീലനം നൽകും കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കാൻ പരമാവധി പ്രോത്സാഹനം നൽകും.

**പ്രവത്തനം3**

വിദ്യാലയത്തിൽ ആച്ചയിൽ 2 ദിവസം Mass Drill പ്രവർത്തനങ്ങൾ നടത്തും. കൂടാതെ കളിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പഠനരീതി സ്വീകരിക്കും.

**കായികമേള**

വിദ്യാലയത്തിൽ വർഷത്തിൽ ഒരു തവണ സ്കുൾ കായിക മേള നടത്തും. അതിൽ നിന്നും വിജയിക്കുന്ന കുട്ടികളെ ക്ലസ്റ്റർ മേളയിലും സബ്ജില്ലാ മേളയിലും പങ്കെടുപ്പിക്കും. കായിക മേഖലയിൽ തൽപര്യമുള്ള കുട്ടികൾക്ക് വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകും

ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ്

കുട്ടികളിൽ ശുചിത്വ ബോധവും സുരക്ഷിതത്വബോധവും വളർത്താൻ ആരോഗ്യ കായിക ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കും. ഇത് വർഷത്തിൽ 2 തവണ സംഘടിപ്പിക്കാനാണ് തീരുമാനിച്ചത്. പി. ടി. എ, എസ്.എസ്. ജിയുടെ സഹകരണവും ഇതിന് ആവശ്യമാണ്.

ശുചിത്വ ബോധപ്രവർത്തനങ്ങൾ

കുട്ടികളിൽ ശുചിത്വ ബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തും മാസത്തിൽ ഒരു ദിവസം ഡ്രൈഡേയായി ആചരിക്കും. ശുചിത്വത്തെപ്പറ്റിയുള്ള സി.ഡികൾ പ്രദർശിപ്പിക്കും.

## എൽ.എസ്.എസ്

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | എൽ.എസ്.എസ്.ക്ലാസ്സ്<br>വിദഗ്ധരായ അധ്യാപകരുടെ ക്ലാസുകൾ<br>വർക്ക് ഷീറ്റ് നൽകൽ<br>മാതൃകാ പരീക്ഷ | ആഗസ്റ്റ്, ഫെബ്രവരി | അധ്യാപകൻ HM | 2500 | BRC<br>SRG<br>LSGD |

മേഖല: അക്കാദമികം - പ്രതിഭാ പരിപോഷണ പരിപാടി

ഉപമേഖല : എൽ.എസ്.എസ് –

ലക്ഷ്യം;

1. എൽ.എസ്.എസ്. പോലെയുള്ള വിവിധ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ സജ്ജരാക്കുക.

2. പ്രതിഭകളായ കുട്ടികൾ ക്ലാസ് പ്രവർത്തനത്തിൽ നിന്നും നേടിയ അറിവുകൾ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയൽ

3. പാഠപുസ്തകത്തിനപ്പുറത്തേക്ക് കുട്ടികളുടെ പഠനം വ്യാപിപ്പിക്കുക.

പ്രവർത്തനങ്ങൾ

എൽ.എസ്.എസിന് പരിശീലനം നൽകുന്നതിനുവേണ്ടി വൈകുന്നേരം4 മണിമുതൽ 5 മണിവരെ പ്രത്യേക ക്ലാസ്സ് നൽകുന്നു.

വിദഗ്ധരായ അധ്യാപകരുടെ ക്ലാസ്സുകൾ

സ്കൂളിന് പുറത്തുള്ള വിദഗ്ധരായ അധ്യാപകരെകൊണ്ടുവന്ന് പരിശീലനം നൽകുന്നു.

വർക്ക്ഷീറ്റ്

എൽ.എസ്.എസ് കുട്ടികൾക്ക് വർക്ക്ഷീറ്റുകൾ നൽകുന്നു. അധ്യാപകൻ ധാരാളം വർക്ക് ഷീറ്റുകൾ ശേഖരിക്കുന്നു. അത് ക്ലാസ്സിൽ കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു. അധ്യാപകൻ മൂല്യനിർണ്ണയം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

മാതൃകാ പരീക്ഷ.

അധ്യാപകർ എൽ.എസ്.എസ് മാതൃകാ പരീക്ഷ നടത്തുന്നു. ചോദ്യാവലി ഉണ്ടാക്കി കുട്ടികൾക്ക്നൽകുന്നു. കുട്ടികൾ ആ പ്രവർത്തനങ്ങൾ ചെയ്യുന്നു.ബി.ആർ.സി, എസ്.ആർ.സി, എൽ.എസ്.ജി.ഡി എന്നിവയുടെ സഹായവും ഉപയോഗപ്പെടുത്തുന്നു.

ക്ലാസ്സ് പി.ടി.എ

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | പ്രീടെസ്റ്റ് | ജൂൺ | ക്ലാസ്സ് ടീച്ചർ | | SRG |
| | പഠന പ്രവർത്തനങ്ങളുടെ ചാർട്ട് നിർമ്മിക്കൽ | പ്രതിമാസം | ക്ലാസ്സ് ടീച്ചർ | | SRG |
| | ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ | വർഷത്തിൽ2 | HM<br>ക്ലാസ്സ് ടീച്ചർ | 2000 | SRG<br>SSG |
| | സി.പി.ടി.എ മൊഡ്യൂൾ തയ്യാറാക്കൽ | വർഷത്തിൽ1 | SRG | | SRG |

മേഖല : അക്കാദമികം

ഉപമേഖല : സി.പി.ടി.എ സജീവമാക്കൽ

ലക്ഷ്യം :

1. പ്രതിമാസം കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നതിനും ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുനും
2. നടപ്പുമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരും മാസത്തെ പ്രവർത്തനങ്ങൾ പരിചയപ്പെടുന്നതിനും

3. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളുടേ രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നതിന്
4. രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിന്

പ്രവർത്തനങ്ങൾ

1. പ്രിടെസ്റ്റ്
2. പഠന പ്രവർത്തനങ്ങളുടെ ചാർട്ട്
3. ബോധവൽക്കരണ ക്ലാസ്
4. സി.ഒപി.ടി.എ മൊഡ്യൂൾ തെയ്യാറാക്കൽ

പ്രീടെസ്റ്റ്

ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടോ എന്നറിയാൻ വേണ്ടി പ്രിടെസ്റ്റ് നടത്തുന്നു. ചോദ്യാവലി തെയ്യാറാക്കുന്നു. പരിക്ഷ നടത്തുന്നു. മൂല്യ നിർണ്ണയം നടത്തിയതിനുശേഷം എസ്.ആർ.ജി ചർച്ചയ്ക്കു ശേഷം ക്ലാസ് പി.ടി.എ യിൽ ചർച്ചചെയ്ത് രക്ഷിതാക്കളുടെ സഹായത്തോടെ പരിഹാരം കണ്ടെത്തുന്നു.

പഠനപ്രവർത്തനങ്ങളുടെ ചാർട്ട്

ഓരോ മാസവും പഠിപ്പിക്കേണ്ട പാഠഭാഗങ്ങളുടെ ഒരു ചാർട്ട് തെയ്യാറാക്കി ക്ലാസ്സ് പി.ടി.എ.യിൽ. അവതരിപ്പിക്കുന്നു. അതോടൊപ്പം കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങളും രേഖപ്പെടുത്തുന്നു.

ബോധവൽക്കരണക്ലാസ്സ്

കുട്ടികളുമായി അക്കാദമികവും അക്കാദമികേതരവുമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പല കാര്യങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. വീട്ടിൽ നിന്നും നൽകേണ്ട പഠനപിന്തുണ വിശദീകരിക്കുന്ന ക്ലാസ്സുകളും നൽകുന്നു..

## സമഗ്ര പോഷകാഹാര പദ്ധതി

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| | ഭക്ഷണക്രമം തെയ്യാറാക്കൽ | ജൂൺ | HM<br>അധ്യാപകൻ | | PTA |
| | ശുചിത്വമുള്ള അന്തരീക്ഷം ഉറപ്പാക്കൽ | ജൂൺ-മാർച്ച് | HM<br>അധ്യാപകൻ | | SRG<br>PTA |
| | ഉച്ചഭക്ഷണക്കമ്മറ്റി രൂപീകരിക്കൽ | ജൂൺ | HM<br>അധ്യാപകൻ | | PTA<br>SRG |
| | കുട്ടികളുടെ ലിസ്റ്റ് തെയ്യാറാക്കൽ | ജൂൺ | HM<br>അധ്യാപകൻ | | |
| | ഉച്ചഭക്ഷണ വിതരണം | ജൂൺ-മാർച്ച് | അധ്യാപകർ | | HM<br>PTA<br>SSG |
| | മുട്ട, പാൽ, വിതരണം | ആഴ്ചയിൽ2 | അധ്യാപകർ | | HM |

മേഖല : അക്കാദമികം

ഉപമേഖല : സമഗ്ര പോഷകാഹാര പദ്ധതി

ലക്ഷ്യം : വിദ്യാർത്ഥികളുടെ സമ്പൂർണ്ണ വളർച്ചയ്ക്ക് അനിവാര്യഘടകമാണ് പോഷകാഹാരം. പഠനംകൂടുതൽ മെച്ചപ്പെടുത്താനും ആവശ്യമുള്ള തലമുറയെ വാർത്തെടുക്കാനും വിദ്യാർത്ഥികൾക്ക് പോഷകാഹാരം ആവശ്യമാണ്.

**പ്രവർത്തനങ്ങൾ**

- ഭക്ഷണക്രമം തെയ്യാറാക്കുക
- ശുചിത്വമുള്ള അന്തരീക്ഷം ഉറപ്പാക്കുക
- നൂൺ ഫീഡിംഗ് കമ്മറ്റി വിളിക്കൽ മെനു തയ്യാറാക്കൽ
- ആഴ്ചയിൽ 2 ദിവസം മുട്ട, പാൽ നൽകുക
- ഉച്ചഭക്ഷണ കമ്മറ്റി രൂപീകരണം
- കുടിവെള്ള വിതരണം കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ
- ഉച്ചഭക്ഷണ വിതരണം

**1. ഭക്ഷണക്രമം തയ്യാറാക്കൽ**

കുട്ടികൾക്ക് പോഷകങ്ങളടങ്ങിയ ഭക്ഷണം ലഭിക്കുന്നതിനനുയോജ്യമായ ഭക്ഷണക്രമം തയ്യാറാക്കുക

**2. ശുചിത്വമുള്ള അന്തരീക്ഷം ഉറപ്പാക്കൽ**

ശുദ്ധമായ വെള്ളം ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. ശുചിത്വമുള്ള അടുക്കളയും പരിസരവും ഒരുക്കുന്നു. ശൗചാലയങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നു ഉച്ചഭക്ഷണക്കമ്മിറ്റി രൂപീകരിക്കുന്നു. കുട്ടികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകേണ്ട ചുമതല ഈ കമ്മറ്റിയെ ഏൽപ്പിക്കുന്നു. അതോടൊപ്പം തന്നെ ഓരോ മാസത്തെ ഭക്ഷണ മെനു തയ്യാറാക്കുന്നു.

**3. കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ**

സ്കൂളിൽ നിന്നും ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. രക്ഷിതാക്കളിൽ നിന്നും സമ്മതപത്രത്തിൽ ഒപ്പിട്ടു വാങ്ങി സൂക്ഷിക്കുന്നു.

**4. ഉച്ചഭക്ഷണ വിതരണം**

പോഷകസമൃദ്ധമായ ഉച്ചഭക്ഷണ ശുചിത്വപൂർണ്ണമായ ചുറ്റുപാടിൽ കുട്ടികൾക്ക് വിതരണം ചെയ്യാൻ സ്കൂളിലെ അധ്യാപകരെകൂടി ചുമതലപ്പെടുത്തുന്നു. ആഴ്ചയിൽ 1 ദിവസം മുട്ട,പാൽ നൽകുന്നു ആഴ്ചയിൽ 1 ദിവസം (ബുധൻ) മുട്ടയും 2 ദിവസം (ചൊവ്വ, വ്യാഴം) പാലും കുട്ടികൾക്ക് വിതരണം ചെയ്യും.

## അറബിക്

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബിക് മധുരം.<br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്,വായന:<br>ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിൻറിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസാറ്റ് ചെയ്ത് അക്ഷര ഗെയ്മുകൾ നൽകി അധ്യാപകൻെറ മേൽനോട്ടത്തിൽ കുട്ടികൾക്ക് ഗെയ്മിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>പ്രത്യേകം തയ്യാറാക്കിയ മോഡലിൻെറ അടിസ്ഥനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നൽകുക. | 2 മാസം | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ<br>ടാബ് | ○ ബി.ആർ.സി<br>○ ഡയറ്റ്.<br>○ പൂർവ്വ വിദ്യാർത്ഥികൾ |
| വായനാ ലോകം<br>ലക്ഷ്യം<br>കുട്ടിയെ വയനയുടെ ലോകത്തേക്ക് കൊണ്ടുവരൽ നല്ലവായനക്കാരനാക്കുക. | **തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരണം (അറബിക് ലൈബ്രറി)**<br>പുസ്തകങ്ങൾ<br>ചിത്രകഥ (അറബിക്)<br>കഥ പുസ്തകങ്ങൾ<br>അറബിക് ക്വിസ് | 6 മാസം | | സമാഹരണം.<br>○ അറബിക് അധ്യാപകർ<br>○ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷാ അധ്യാപകർ<br>○ ഭാഷാ സ്നേഹികൾ |

| | | | | |
|---|---|---|---|---|
| | ചെറിയ വിവരണങ്ങളുള്ളവ<br>**ക്ലാസ്സ് വായന**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഓരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക .<br>വായിച്ച ബുക്കുകൾ രേഖപ്പെടുത്തിവെയ്ക്കുക<br>കൂടുതൽ ബുക്കുകൾ വായിച്ച് കുട്ടികൾക്ക് സമ്മാനം നൽകുക | | ○ സ്കൂൾ ലൈബ്രറി<br>○ ക്ലാസ് ലൈബ്രറി<br>○ പുസ്തകങ്ങൾ | ○ സ്കൂളിലെ അറബി [illegible]<br>○ ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>○ സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>○ സർക്കാർ ഫണ്ട് |
| ആസ്വാദനലോകം | ആസ്വാദന സഭ<br>പാടാനും പറയാനും കഴിയുന്ന മികച്ച് പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ ആഴ്ചയിൽ സഭ ചേരുക.<br>ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>കാഴ്ചയും കേൾവിയും<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ | 6 മാസം | സ്കൂൾ ഹാൾ<br><br>ലംഗേജ് ലാബ്<br>എൽ.സി.ഡി<br>കമ്പ്യൂട്ടർ | |

| | | | | |
|---|---|---|---|---|
| അനുഭവ ലോകം<br>(അറബിക് ലാംഗ്വേജ് ലാബ്) | ഉദാഹരണം: ഖുർആൻ കഥകൾ,ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെൻററികൾ<br><br>വിദേശ ഭാഷ പഠനം ഏറ്റവുംസാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ് ടിക്കുമ്പോഴാണ്. അതിനാൽ അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുക. തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>ഓരോരുത്തർക്കും എൽ.സി.ഡി പ്രോജക്റ്ററിൻെറ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കാനുമുള്ള അവസരം | | കമ്പ്യൂട്ടർ<br><br>ലംഗേജ് ലാബ് | |
| പദപരിചയം<br>ലക്ഷ്യം : അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | പദം പരിചയപ്പെടൽ<br>അറബിക് അധ്യാപകൻെറ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനയും ശേഷം മുതിർന്ന ക്ലാസിലെ ഓരോ | 1 വർഷം | മൈക്ക് | |

| | | | | |
|---|---|---|---|---|
| | വിദ്യാർത്ഥികാസ്സ് നമ്പർ അനുസരിച്ച് അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുക.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുക<br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക.<br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തുക.<br>മികച്ചു നിൽകുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുക<br>അറബിക് അസംബ്ലി<br>ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക.<br>പുസ്തകം പരിചയപ്പെടുത്തൽ<br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |

| | | | | |
|---|---|---|---|---|
| അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലാതെയോ ഓരോ ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br>കാര്യപരിപാടികൾ<br>ഉദ്ഘാടനം<br>ആദരിക്കൽ(ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>മികച്ച് അറബിക് കല അവതരണം<br>തെരട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ<br><br>തെരഞ്ഞെടുത്ത അറബിക് ഡോക്യുമെൻററി ആനിമേഷൻ പ്രദർശനം<br>അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം,ഉപരിപഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക കാലിഗ്രാഫി) | | സ്കൂൾ ഹാൾ<br>പുസ്തകങ്ങൾ<br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാസ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാസ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |

| | | | | |
|---|---|---|---|---|
| നല്ല എഴുത്ത്<br>ലക്ഷ്യം :<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത്<br>ഓരോ കുട്ടികൾക്കും വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക. | 1 വർഷം | പുസ്തകങ്ങൾ | |
| ഡിജിറ്റൽ ലോകം<br>ലക്ഷ്യം<br>എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീബോർഡ് പഠിക്കൽ പവർ പോയിൻറ് പരിജയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്ന് തന്നെ കുട്ടികൾ കീബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുക ടൈപ്പ് ചെയ്യാൻ കഴിവുനേടുകയും ചെയ്യണം<br>ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക.<br>ഫോട്ടോകളും ടൈപ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കൽ പരിചയപ്പെടുക. | 1 വർഷം | | |
| എഴുത്തിൻെറ ലോകം | ക്ലാസ്സ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായനാ കാർഡ് നിർമ്മാണം<br>(മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (CD) സൈസിൽ വൃത്തിയായി | | ചാർട്ട്<br>കളർ | |

| | | | | |
|---|---|---|---|---|
| | എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത് വായനാ കാർഡ് നിർമ്മിക്കുക | | | |
| അക്ഷരങ്ങളുടെ ലോകം | മുഴുവൻ വിദ്യാർത്ഥികളിലേയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് (അറബിക്)അക്ഷരങ്ങൾ സംഘടിപ്പിക്കുക<br>ഉദാഹരണം<br>ക്വിസ്<br>പദ നിർമ്മാണം<br>കഥപറയൽ<br>കവിത ചൊല്ലൽ<br>പദപ്രശ്നം<br>കളറിംഗ്<br>മെമ്മറിടെസ്റ്റ്<br>ഗദ്യവായന<br>ആംഗ്യ ഗാനം<br>ഖുർആൻ പരായണം<br>പദപ്പയറ്റ്<br>പസിൽസ് | | | |
| ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുക<br>നേരത്തേ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്റർ നിർമ്മിക്കുക. | 1 വർഷം | | |